ക്രമപ്രശ്നം

ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കാത്തത് സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പാർലമെന്ററി പ്രവർത്തനത്തിൽ ചോദ്യങ്ങൾക്കുള്ള സ്ഥാനം വളരെ പ്രധാനമാണ്. ചോദ്യങ്ങൾക്ക് നമ്മുടെ പാർലമെന്ററി പ്രവർത്തനത്തിനുള്ള സ്ഥാനവും വളരെ പ്രധാനമാണ്. പാർലമെന്ററി പ്രവർത്തനത്തിൽ ഏറ്റവും കൂടുതൽ കാലം പങ്കെടുത്തിട്ടുള്ള സഭാനേതാവിനെ ഞാനത് ഓർമ്മിപ്പിക്കേണ്ട കാര്യമില്ല. പാർലമെന്ററി പ്രൊസീഡ്യുവർ എന്ന സുബാസ് കശ്യപിന്റെ പുസ്തകത്തിൽ ചോദ്യങ്ങളുടെ പ്രാധാന്യം സംബന്ധിച്ച് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഞാൻ അതിവിടെ ക്വാട്ട് ചെയ്യുന്നില്ല. ഇവിടെ ഇപ്പോൾ ചോദ്യ ങ്ങൾക്കൊന്നുംതന്നെ ഉത്തരം ലഭിക്കുന്നില്ല. ഇന്നലെ, 7-ാം തീയതിയിലെ 369 അൺസ്റ്റാർഡ് ചോദ്യങ്ങളിൽ ഉത്തരം കിട്ടിയത് 101 ചോദ്യങ്ങൾക്കുമാത്ര മാണ്. 6-ാം തീയതിയിലെ 340 അൺസ്റ്റാർഡ് ചോദ്യങ്ങളിൽ ഉത്തരം കിട്ടി യത് 98 എണ്ണത്തിന് മാത്രമാണ്. ഒമ്പതാം സമ്മേളനത്തിൽ അംഗങ്ങൾ ചോദിച്ച 50 ചോദ്യങ്ങൾക്ക് ഇനിയും ഉത്തരം കിട്ടിയിട്ടില്ല. 22-ഓളം ചോദ്യ ങ്ങൾക്ക് പൂർണ്ണമായും വിവരം ശേഖരിച്ചു വരുന്നുവെന്നാണ് ഉത്തരം കിട്ടിയ ത്. ഈ സഭ 1 മുതൽ 8 വരെയുള്ള സമ്മേളനങ്ങൾ സംബന്ധിച്ച് പരിശോധി ച്ചപ്പോൾ ആയിരത്തിലേറെ ചോദ്യങ്ങൾക്ക് ഇനിയും ഉത്തരം കിട്ടിയിട്ടില്ല. സഭാസമ്മേളനം കഴിഞ്ഞ് മാസങ്ങളായിട്ടും ഉത്തരം കിട്ടാത്ത അവസ്ഥ എന്തു

കൊണ്ടാണ് വരുന്നത്? വിവരാവകാശനിയമ പ്രകാരമാണ് ചോദിക്കുന്നതെങ്കിൽ ഉത്തരം കിട്ടുന്നുണ്ട്. ഒരു ഉദാഹരണം ഞാൻ പറയാം. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ ചോദിച്ച ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരം കൊടുക്കുകയും മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമിക്കപ്പെട്ടവർ എത്ര; പേഴ്സണൽ സ്റ്റാഫിന് പുറമേ മറ്റേതെങ്കിലും സംവിധാനത്തിൽ മുഖ്യമന്ത്രി നേരിട്ട് നിയമനം നടത്തിയിട്ടുണ്ടോ; അവർ എത്ര; ആരൊക്കെ; ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവർ എത്ര; തുടങ്ങിയ ചോദ്യങ്ങൾക്കെല്ലാം വിവരം ശേഖരിച്ചുവരുന്നുവെന്ന മറുപടിയാണ് ലഭിക്കുകയും ചെയ്തത്. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിയമിച്ച ആളെക്കുറിച്ച് ചോദിക്കുമ്പോൾ വിവരം ശേഖരിക്കേണ്ട കാര്യം എന്താണ്? മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് കൊടുക്കാൻ പറ്റുന്ന കാര്യമല്ലേ ഇത്. മുഖ്യമന്ത്രിയുടെ ഓഫീസിലും ഓഫീസിന്റെ ഭാഗമായ സംവിധാനത്തിലും വർക്കിംഗ് അറേഞ്ചുമെന്റായി പ്രവർത്തിക്കുന്നവർ എത്രയെന്ന് ചോദിച്ചപ്പോൾ വിവരം ശേഖരിച്ചുവരുന്നുവെന്നാണ് മറുപടി ലഭിച്ചത്. മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ മുഖ്യമന്ത്രി നിയമിച്ചതും ടൂറിസം വകുപ്പ് ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചവർ എത്ര എന്ന ചോദ്യത്തിനും വിവരം ശേഖരിച്ചുവരുന്നു എന്ന മറുപടിയാണ് ലഭിച്ചത്. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിയമിച്ചവരെക്കുറിച്ച് നിയമസഭയിൽ ചോദിച്ചാൽ ഉത്തരം കിട്ടാത്ത അവസ്ഥ എന്തുകൊണ്ടുവന്നു. വിവരാവകാശനിയമ പ്രകാരമാണ് ചോദിച്ചതെങ്കിൽ ഉത്തരം കിട്ടുന്നുണ്ട്.

നിയമസഭയുടെ നടപടിക്രമങ്ങളാകെ പരിഹാസ്യമായി, സഭാചട്ടപ്രകാരം പറയുന്ന കാര്യങ്ങളൊന്നും ഇവിടെ നടപ്പാകാത്ത വിധത്തിൽ മന്ത്രിമാർക്ക് നിയമസഭയോട് യാതൊരു ഉത്തരവാദിത്വവുമില്ല. ക്യാബിനറ്റിന് നിമയസഭയോട് ഉത്തരവാദിത്വമില്ല. വേണമെങ്കിൽ തരും അല്ലെങ്കിൽ തരില്ല. ഇവിടെ ചോദിക്കാൻ ആരുണ്ട്. ഞങ്ങൾ ഇങ്ങനെയേ പ്രവർത്തിക്കുകയുള്ളൂ. നിങ്ങൾക്ക് ഉത്തരം തരില്ല. പ്രതിപക്ഷത്തിന് എന്തുചെയ്യാൻ സാധിക്കുമെന്ന തരത്തിൽ മോക്കറിയായി മാറ്റുന്നത് ശരിയാണോ? ഭരണപക്ഷത്തുനിന്നും പ്രതിക്ഷത്തുനിന്നുമുള്ള മെമ്പർമാർ ചോദിച്ചാലും ഉത്തരം കിട്ടുന്നില്ല. ഈ അവസ്ഥയിൽ ഞങ്ങളെ രക്ഷിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് മാത്രമേ കഴിയുകയുള്ളൂ. സഭയുടെ നേതാവായ മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെടണം. മുഖ്യമന്ത്രി ഉത്തരം കെടുക്കുന്നില്ലെങ്കിൽ മന്ത്രിമാർ ഉത്തരം കൊടുക്കുമോ? മോന്തായം വളഞ്ഞാൽ പിന്നെ എല്ലാം വളഞ്ഞില്ലേ. അതുകൊണ്ട് മുഖ്യമന്ത്രി ഇക്കാര്യത്തിൽ മാതൃക കാണിക്കുകയും മറ്റ് മന്ത്രിമാർക്ക് നിർദ്ദേശം കൊടുക്കുകയും വേണം. നിയമസഭാ നടപടിക്രമ ങ്ങൾ കൃത്യമായി നടത്താനുള്ള അവസരം സൃഷ്ടിക്കണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ ഇടപെടണമെന്നാണ് എനിക്ക് ആവശ്യപ്പെടാ നുള്ളത്.

<u>ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കാത്ത സംബന്ധിച്ച്</u>

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ കാര്യം വളരെ ഗൗരവമായി തന്നെയാണ്

ഗവൺമെന്റ് എടുക്കുന്നത്. മനപൂർവ്വമായി ഉത്തരം തരേണ്ടായെന്നുള്ള സമീപനം എടുത്തിട്ടില്ല, എടുക്കാൻ സാധിക്കുകയുമില്ല. കുറവുകൾ വന്നിട്ടുണ്ട്, അത് എത്രയും വേഗം പരിഹരിക്കുന്നതാണ്. അങ്ങിപ്പോൾ എന്റെ സ്റ്റാഫിന്റെ കാര്യം പറഞ്ഞു. മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്ര സ്റ്റാഫുണ്ടെന്ന് ചോദിച്ചാൽ ആ സമയത്തുതന്നെ ഉത്തരം കൊടുക്കാൻ സാധിക്കും. പക്ഷേ, അതിനോടനുബന്ധിച്ച് കുറേ ചോദ്യങ്ങൾ ചോദിച്ചു. അത് പല ഡിപ്പാർട്ടുമെന്റുകളിലും ചോദിക്കേണ്ടതായി വന്നു, പല ജില്ലകളിൽ നിന്നും വിവരങ്ങൾ ശേഖരിക്കേണ്ടതായി വന്നു. അങ്ങനെ പല ഡിപ്പാർട്ടുമെന്റുമായും ബന്ധപ്പെട്ടു വന്നതുകൊണ്ട് മാത്രമാണ് കാലതാമസമുണ്ടായത്. ഇപ്പോൾ മറുപടി കൊടുത്തുകഴിഞ്ഞു. അതിന് കാലതാമസം വന്നുവെന്നുള്ളത് അഡ്മിറ്റ് ചെയ്യുന്നു. മുഖ്യമന്ത്രിയുടെ ഓഫീസെന്നുള്ള ആദ്യത്തെ ചോദ്യത്തിന് ഉത്തരം നൽകാൻ ഒരു ബുദ്ധിമുട്ടുമില്ല. അതിന് മറുപടി തരാൻ സാധിക്കും. അതിനുശേഷമുള്ള മുഖ്യമന്ത്രിയുടെ ഓഫീസുമായും ബന്ധപ്പെട്ടുള്ള വർക്കിംഗ് അറേഞ്ചുമെന്റ്, ഡെപ്യൂട്ടേഷൻ, കോൾ സെന്ററിലെ സ്റ്റാഫ്, 24 X 7 സെന്ററിലെ ജീവനക്കാർ, ഔദ്യോഗിക വസതിയിലെ ജീവനക്കാർ തുടങ്ങിയ വിവരങ്ങൾ പലയിടത്തുനിന്നും ശേഖരിക്കേണ്ടതായി വന്നതുകൊണ്ടാണ് കാലതാമസം വന്നത്. ഇപ്പോൾ മറുപടി കൊടുത്തുകഴിഞ്ഞു. എന്തായാലും പ്രത്യേകമായി ശ്രദ്ധിക്കാം. അങ്ങ് പറഞ്ഞതുപോലെ ടോട്ടൽ നമ്പറുമായി വച്ചുനോക്കുമ്പോൾ ചെറിയ ഒരു ശതമാനം മാത്രമാണ് മറുപടി കിട്ടാനായിട്ടുള്ളത്. ഞാൻ അത് ന്യായീകരിക്കു

കയല്ല ചെയ്യുന്നത്. 26000–ൽപ്പരം ചോദ്യങ്ങളുള്ളതിൽ മൂന്നര ശതമാനത്തിനു മാത്രമാണ് മറുപടി ലഭിക്കാത്തത്. അതും ഒഴിവാക്കേണ്ടതാണ്. അക്കാര്യം പ്രത്യേകമായി ശ്രദ്ധിക്കുന്നതായിരിക്കും.